RSP
RAJAGIRI SEVAGRAM PALLIKOODAM
RESIDENTIAL

Rajagiri Sevagram Pallikoodam (Residential)
Pothy, Thalayolaparambu
Kottayam - 686605, Kerala

**17/02/2025**

പ്രിയമുള്ളവരെ,

രാജഗിരി സേവാഗ്രാം പള്ളിക്കൂടത്തിൽ നിന്ന് സ്നേഹാശംസകൾ,

തലയോലപ്പറമ്പ് പൊതി സേവാഗ്രാമിൽ രാജഗിരി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം പുലർത്തിക്കൊണ്ട് **"രാജഗിരി സേവാഗ്രാം പള്ളിക്കൂടം"** 2022 ജൂണിൽ പ്രവർത്തനം ആരംഭിച്ചു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ പഠിക്കാൻ മിടുക്കരായ ആൺകുട്ടികൾക്ക് പഠന സൗകര്യങ്ങളും ഒപ്പം പാഠ്യേതര, കലാകായിക പരിശീലനങ്ങൾ, യോഗ, മാർഷൽ ആർട്സ്, റോളർ സ്കേറ്റിംഗ്, സ്മാർട്ട് ക്ലാസ് സൗകര്യങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള ഒരു പരിസ്ഥിതി സൗഹൃദ വിദ്യാലയമായിട്ടാണ് രാജഗിരി സേവാഗ്രാം പള്ളിക്കൂടം പ്രവർത്തിക്കുന്നത്.

സി.ബി.എസ്.ഇ സിലബസിൽ പ്രവൃത്തിക്കുന്ന സ്കൂളിൽ 2025 ജൂണിൽ ആരംഭിക്കുന്ന അധ്യയനവർഷം അഞ്ചാം ക്ലാസിലേക്ക് 20 കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. പഠനവും മറ്റ് താമസ സൗകര്യങ്ങളും തികച്ചും സൗജന്യമായിരിക്കും. ഇവിടെ താമസിച്ചു പഠിക്കുന്നതിന് താത്പര്യമുള്ളവരും, പഠനത്തിൽ മിടുക്കരുമായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ നിങ്ങളുടെ സമീപപ്രദേശങ്ങളിൽ ഉണ്ടെങ്കിൽ മാർച്ച് പതിനഞ്ചാം തീയതിക്കുമുമ്പായി വിവരം അറിയിക്കുമല്ലോ. ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് അനുയോജ്യരായവരെ തിരഞ്ഞെടുക്കാൻ പ്രവേശന പരീക്ഷയും, കുടുംബ പശ്ചാത്തലത്തിന്റെ വിലയിരുത്തലും നടത്തുന്നതായിരിക്കും വിശദവിവരങ്ങൾ 82814 10299 എന്ന ഫോൺ നമ്പറിൽ ലഭ്യമാണ്

**ഫാ. ജെയ്മോൻ ഒലിയപ്പുറം സി.എം.ഐ**

ഡയറക്ടർ, രാജഗിരി സേവാഗ്രാം പള്ളിക്കൂടം

E-mail: director@sevagramrajagiri.com, sevagram.pallikoodam@gmail.com
Phone : 04829 238629, 8281410299, Website: **sevagramrajagiri.com**